പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2786 13/03/2020 ൽ മറുപടിയ്ക്ക്

## സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. പി. ഉണ്ണി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അനൗപചാരിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ആദിവാസിമേഖലയിലെ പട്ടികവർഗ്ഗവിഭാഗക്കാർക്കായി 'സമഗ്ര' പദ്ധതി, കേരളത്തിലെ പട്ടികജാതിവിഭാഗക്കാർക്കായി 'നവചേതന' പദ്ധതി , വയനാട് ജില്ലയിലെ ആദിവാസികൾക്കായി നടപ്പിലാക്കിവരുന്ന 'വയനാട് ആദിവാസിസാക്ഷരതാപദ്ധതി', പാലക്കാട് ജില്ലയിലെ ആദിവാസിമേഖലയായ അട്ടപ്പാടിയിൽ 'അട്ടപ്പാടിആദിവാസി സാക്ഷരതാപദ്ധതി', കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും തിരുവനന്തപുരം നഗരസഭയും ചേർന്ന് നടപ്പിലാക്കി വരുന്ന അക്ഷരശ്രീ സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി, കേരളത്തിലെ ട്രാൻസ്ജൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തുടർവിദ്യാഭ്യാസത്തിനായി 'സമന്വയ' പദ്ധതി, സാക്ഷരതാമിഷനും ഫിഷറീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് തീരദേശമേഖലയിൽ നടത്തിവരുന്ന അക്ഷരസാഗരം, കേരളത്തിൽ താമസിക്കുന്ന ഇതരസംസ്ഥാനതൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതിന് 'ചങ്ങാതി', പൊതുസമൂഹത്തിനിടയിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി സാക്ഷരതാപദ്ധതി, കണ്ണൂർജില്ലയിലെ കുടുംബശ്രീയുമായി ചേർന്ന് ആറളം ഫാമിൽ ആരംഭിച്ച 'ആദിശ്രീ', പൊതുജനങ്ങൾക്കിടയിൽ ഭരണഘടന സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സംയുക്തമായി നടത്തുന്ന നൂതന പദ്ധതിയായ ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ |

പരിപാടി, നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാപരിപാടി, കുടുംബശ്രീ മിഷനിലെ പത്താംതരം, ഹയർസെക്കൻഡറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത സ്ത്രീകൾക്ക് തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനായി സമ പദ്ധതി, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കേരള കശുവണ്ടി കോർപ്പറേഷനുമായി ചേർന്ന് പത്താംതരം, ഹയർസെക്കൻഡറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത കശുവണ്ടി തൊഴിലാളികൾക്ക് വേണ്ടി 'ദിശ'പദ്ധതി, പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സുകൾ മുതലായവ കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്നു. സാക്ഷരതാമിഷനും സംസ്ഥാന ആർക്കൈവ്സ് വകുപ്പും ചേർന്ന് ചരിത്രരേഖ സർവ്വെ എന്ന് പ്രോജക്ടും നടത്തിയിട്ടുണ്ട്. ഇതു കൂടാതെ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഐ റ്റി മിഷനുമായി ചേർന്ന് ഡിജിറ്റൽ സാക്ഷരത നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനുശേഷം സാക്ഷരതാ-തുടർവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ എന്തെല്ലാം ധനസഹായമാണ് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് കേന്ദ്രസർക്കാരിൻറെ ഫണ്ട് ലഭ്യമായത് 2009 മാർച്ച് വരെ മാത്രമാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുകയുടെ 50% കേന്ദ്രസർക്കാരും 50% സംസ്ഥാന സർക്കാരുമാണ് വഹിച്ചുവന്നിരുന്നത്. എന്നാൽ 2009 മാർച്ചിനുശേഷം കേരളത്തിലെ സാക്ഷരതാതുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനായി കേന്ദ്രസർക്കാർ അറിയിച്ച സാഹചര്യത്തിൽ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിൽ നിലനിൽക്കേണ്ടതാണെന്ന കണ്ടെത്തലിൽ സംസ്ഥാന സർക്കാർ സാക്ഷരതാതുടർ വിദ്യാഭ്യാസപദ്ധതി ഏറ്റെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുകകൾ തുടർന്നുള്ള ഓരോവർഷത്തെയും ബജറ്റ് വിഹിതമായി സംസ്ഥാന സാക്ഷരതാമിഷന് നൽകിവരികയാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡായി ആകെ 175000000 രൂപ വകയിരുത്തിയതിൽ നാളിതുവരെ 141407687 രൂപ നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന 33592313 രൂപ നൽകുന്നതിനായി ധനവകുപ്പിന്റെ അനുമതി തേടിയിരിക്കയാണ്.

(സി) ഔപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് തുല്യമായ യോഗ്യത നേടുന്നതിന് സാക്ഷരതാമിഷൻ നടത്തിവരുന്ന അനൗപചാരിക പഠന കോഴ്സുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

(സി) ഔപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് തുല്യമായ യോഗ്യത നേടുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത്,ഹയർസെക്കൻഡറി തുല്യതാപരിപാടികൾ നടത്തിവരുന്നു. വിവിധ കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടതായിവന്നവർക്കായി അനൗപചാരികവിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാമിഷൻ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് തുല്യതാപരിപാടികൾ . സാക്ഷരത വിജയിച്ചവർക്കുവേണ്ടി ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടിയാണ് 6 മാസം ദൈർഘ്യമുള്ള നാലാംതരം തുല്യത. നാലാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക നാലാം ക്ലാസ് വിജയിച്ചവർക്കുമായി തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന തുല്യതാപരിപാടിയാണ് ഏഴാംതരം തുല്യത. ഈ കോഴ്സിന്റെ കാലാവധി എട്ട് മാസമാണ്.

ഏഴാംതരം തുല്യത വിജയിച്ചവർക്കും ഔപചാരികവിദ്യാഭ്യാസത്തിൽ ഏഴാംക്ലാസ് പാസായവർക്കും വേണ്ടി 2006 മുതൽ സാക്ഷരതാമിഷൻ ആരംഭിച്ച തുല്യതാപരിപാടി യാണ് പത്താംതരം തുല്യത. പത്ത് മാസം ദൈർഘ്യമാണ് ഈ കോഴ്സിന്റെ കാലാവധി. പത്താം തരം വിജയിച്ചവർക്കും ഹയർസെക്കണ്ടറി/പ്രീഡിഗ്രി പരീക്ഷ വിജയിക്കാത്തവർക്കുമായി ഹയർ സെക്കണ്ടറി തുല്യതാ പരിപാടിയും സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ